നം.ഒ&എം4-63329/2016/ആ.വ.ഡ.

ആരോഗ്യവകുപ്പുഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,തീയതി: 26/11/2018.

## ചുറ്ററിയിപ്പ്

വിഷയം:- നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1, ഗ്രേഡ്-2 വിഭാഗങ്ങളിലുള്ള വനിതാ ജീവനക്കാരുടെ യൂണിഫോം - നിബന്ധനകൾ/സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- 1. ജി.ഒ.(ആർടി)3059/17/ആകുവ തീയതി02/11/2017.
2. ഉത്തരവ് നം.ഒ&എം4/90741/17/ആ.വ.ഡ തീയതി:11/05/2018.

*****

നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1 ഗ്രേഡ്-2 എന്നീ വിഭാഗങ്ങളിലുള്ള വനിതാ ജീവനക്കാരുടെ ഓവർകോട്ടിന്റെ നിറം നിശ്ചയിക്കുവാൻ സൂചന(1)പ്രകാരം സർക്കാർ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. അതേ തുടർന്ന് ഈ ആഫീസിലെ സൂചന(2)ഉത്തരവ് പ്രകാരം നേഴ്സിങ്ങ് അസിസ്റ്റന്റുമാർക്ക് ബിസ്ക്കറ്റ് ബ്രൗൺ ഓവർകോട്ട്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1 ജീവനക്കാർക്ക് നേവി ബ്ലൂ ഓവർകോട്ട്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2, ജീവനക്കാർക്ക് റോയൽ ബ്ലൂ ഓവർകോട്ട് എന്നിവ അനുവദിക്കുകയുണ്ടായി.

എന്നാൽ ടി ജീവനക്കാരെ തിരിച്ചറിയുന്നതിനായി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന് കാണിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വനിതാ ജീവനക്കാരുടെ യൂണിഫോമിൽ താഴെ പറയുന്ന നിബന്ധനകൾ നിർദ്ദേശിച്ചു കൊണ്ട് ഉത്തരവാകുന്നു.

1. ടോപ്പിന് സ്ലിറ്റ് വയ്ക്കുകയാണെങ്കിൽ അതിന്റെ നീളം പരമാവധി 20 സെ.മീ. ആയിരിക്കണം.
2. ചുരിദാറിന്റെ ടോപ്പിന്റെ ഇറക്കം കാൽമുട്ടിന് താഴെയായിരിക്കണം.
3. ടോപ്പിന്റെ കഴുത്ത് ചതുരാകൃതിയിലായിരിക്കണം.
4. ടോപ്പിന്റെ കൈ ഹാഫ് സ്ലീവ് ആയിരിക്കണം.
5. ചുരിദാറിന്റെ പാന്റ്(പൈജാമ) നോർമൽ പാന്റ് ആയിരിക്കണം. ലെഗ്ഗിൻസ്, പട്യാല, ചുടി ബോട്ടം മുതലായവ അനുവദനീയമല്ല.
6. ടോപ്പിന്റെ കൈ, ചുവട് എന്നീ ഭാഗങ്ങളിൽ അരികിലായി 5 സെ.മീ. വീതിയിൽ പുറമേ കാണത്തക്ക രീതിയിൽ നേഴ്സിങ്ങ് അസിസ്റ്റന്റുമാർക്ക് കറുത്ത ബോർഡറും, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1 ജീവനക്കാർ ചുവന്ന ബോർഡറും,

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 ജീവനക്കാർ നേവി ബ്ലൂ ബോർഡറും വയ്ക്കേണ്ടതാണ്.

7. ചുരിദാർ പാന്റ്, ടോപ്പ് എന്നിവ നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1 വനിതാവിഭാഗം ജീവനക്കാർക്ക് വെള്ള നിറത്തിലും, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 വനിതാ വിഭാഗം ജീവനക്കാർക്ക് സ്കൈ ബ്ലൂ നിറത്തിലും ആയിരിക്കേണ്ടതാണ്.
8. യൂണിഫോം സാരി, ചുരിദാർ എന്നിവ ധരിക്കുമ്പോൾ അതോടൊപ്പം അതാതു തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള നിറത്തിലെ ഹാഫ് സ്ലീവ് ഓവർകോട്ട് നിർബന്ധമായും ധരിക്കേണ്ടതാണ്.

ഡോ.ആർ.എൽ.സരിത
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

1. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
2. അഡീഷണൽ ഡയറക്ടർ,
3. അഡീഷണൽ ഡയറക്ടർ (നേഴ്സിംഗ് സർവ്വീസസ്)
4. ഇസി /എ സി /ഇ എഫ്

Nb 27/11/18

GOVERNMENT OF KERALA 2017-18